Passed on 21/11/19

# 2018-ലെ കേരള കർഷക ക്ഷേമനിധി ബിൽ

(നിയമസഭ പാസ്സാക്കിയ പ്രകാരമുള്ളത്)

## കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും അതു മായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—കേരള സംസ്ഥാനത്ത് കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനായും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും അതുമായി ബന്ധപ്പെട്ടതോ ആനുഷംഗികമായതോ ആയ മറ്റ് കാര്യങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കുന്നത് യുക്തമായിരിക്കയാൽ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2019-ലെ കേരള കർഷക ക്ഷേമനിധി ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "കൃഷി" എന്നതിൽ ഉദ്യാന കൃഷിയും ഔഷധസസ്യകൃഷിയും, നഴ്സറി നടത്തിപ്പും കാർഷികവൃത്തിയും, വിളകളും ഇടവിളകളും ഫലവൃക്ഷങ്ങളും പച്ചക്കറികളും, പുല്ലും തീറ്റപ്പുല്ലും വൃക്ഷങ്ങളും നട്ടുവളർത്തൽ അഥവാ ഭൂമിയിലുള്ള ഏതുതരത്തിലുള്ള കൃഷിയും, മത്സ്യം, അലങ്കാര മത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽപ്പുഴു, കോഴി, താറാവ്, കാട, ആട്, മുയൽ, കന്നുകാലി, പന്നി ഉൾപ്പെടെയുള്ളവയുടെ പ്രജനനവും പരിപാലനവും, കൃഷി അനുബന്ധ പ്രവർത്തനങ്ങൾക്കായോ അല്ലെങ്കിൽ മറ്റേതെങ്കിലും കാർഷിക ആവശ്യത്തിനായോ ഉള്ള ഭൂമിയുടെ ഉപയോഗവും ഉൾപ്പെടുന്നതാകുന്നു;

KNPP. 1415/2019.

(ബി) "ബോർഡ്" എന്നാൽ 11-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി ബോർഡ് എന്നർത്ഥമാകുന്നു;

(സി) "ചീഫ് എക്സിക്യൂട്ടീവ് ആഫീസർ" എന്നാൽ 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ചീഫ് എക്സിക്യൂട്ടിവ് ആഫീസർ എന്നർത്ഥമാകുന്നു;

(ഡി) "അംശദായം" എന്നാൽ 8-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ തുക എന്നർത്ഥമാകുന്നു;

(ഇ) "കുടുംബം" എന്നാൽ,—

(i) കർഷകന്റെ ഭാര്യ അല്ലെങ്കിൽ ഭർത്താവ്, അവരുടെ പ്രായപൂർത്തി യാകാത്തതോ, ഭിന്നശേഷിക്കാരായതോ ആയ മക്കൾ, ദത്തെടുത്ത കുട്ടികൾ, അവിവാഹിതരോ, വിധവകളോ, വിവാഹമോചിതരോ ആയ പെൺമക്കൾ, കർഷകന്റെ മരണപ്പെട്ട മക്കളുടെ വിധവയും പ്രായപൂർത്തിയാകാത്ത മക്കളും;

(ii) കർഷകനെ ആശ്രയിച്ച് കഴിയുന്ന അയാളുടെ മാതാപിതാക്കൾ എന്നർത്ഥമാകുന്നു.

(എഫ്) "കർഷകൻ" എന്നാൽ ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ ഒറ്റി കൈവശക്കാരനായോ വാക്കാൽ പാട്ടക്കാരനായോ സർക്കാർ ഭൂമി പാട്ടക്കാരനായോ കുത്തകപാട്ടക്കാരനായോ അല്ലെങ്കിൽ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റുവിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും പതിനഞ്ച് ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും അഞ്ച് ലക്ഷം രൂപയിൽ കവിയാതെ വാർഷിക വരുമാനമുള്ളതും മൂന്ന് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗ്ഗമാക്കിയിരിക്കുകയും ചെയ്യുന്ന ഒരാൾ എന്നർത്ഥമാകുന്നു:

എന്നാൽ, സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, ഗസറ്റ് വിജ്ഞാപനം വഴി, വാർഷിക വരുമാന പരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്:

എന്നു മാത്രമല്ല, റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നവർ ഈ വകുപ്പിന്റെ ആവശ്യത്തിനായി കർഷകൻ എന്ന നിർവ്വചനത്തിൽ ഉൾപ്പെടുന്നതല്ല.

(ജി) "നിധി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട കേരള കർഷക ക്ഷേമനിധി എന്നർത്ഥമാകുന്നു;

(എച്ച്) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഐ) "കിസാൻ അഭിമാൻ പദ്ധതി" എന്നാൽ 2009 ജനുവരി 31-ാം തീയതിയിലെ സ.ഉ.(പി)22/09/കൃഷി എന്ന നമ്പർ ഉത്തരവ് പ്രകാരം നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ആനുകൂല്യങ്ങളും അവർക്ക് അറുപത് വയസ്സ് പൂർത്തിയാകുന്നതു മുതൽ പെൻഷനും നൽകുന്നതിനായി ഏർപ്പെടുത്തിയതും തുടർന്ന് 2011 ആഗസ്റ്റ് 16-ാം തീയതിയിലെ സ.ഉ.(എം.എസ്) 197/2011/കൃഷി എന്ന നമ്പർ ഉത്തരവ് പ്രകാരം ചെറുകിട നാമമാത്ര കർഷകർക്കും കൂടി പെൻഷനും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനു വേണ്ടി ഏർപ്പെടുത്തിയിരിക്കുന്ന പദ്ധതി എന്നർത്ഥമാകുന്നു;

(ജെ) "അംഗം" എന്നാൽ നിധിയിലെ ഒരംഗം എന്നർത്ഥമാകുന്നു ;

(കെ) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എൽ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റ് പ്രകാരമുള്ള ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(എം) "പട്ടിക" എന്നാൽ ഈ ആക്റ്റിന്റെ പട്ടിക എന്നർത്ഥമാകുന്നു;

(എൻ) "പദ്ധതി" എന്നാൽ ഈ ആക്റ്റ് പ്രകാരം ആവിഷ്കരിച്ചിട്ടുള്ള കേരള കർഷകക്ഷേമനിധി പദ്ധതി എന്നർത്ഥമാകുന്നു.

3. <u>കേരള കർഷക ക്ഷേമനിധി പദ്ധതി</u>.—(1) കർഷകരുടെ ക്ഷേമത്തിനായി ഈ ആക്റ്റിൻ കീഴിൽ ഒരു നിധി രൂപീകരിക്കുന്നതിലേക്ക്, ഗസറ്റ് വിജ്ഞാപനം വഴി, 'കേരള കർഷക ക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കേണ്ടതും കഴിയുന്നത്ര വേഗം ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകളനുസരിച്ച് വിജ്ഞാപനം വഴി സർക്കാർ ഒരു നിധി രൂപീകരിക്കേണ്ടതുമാണ്.

(2) പദ്ധതിയിൽ ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി പട്ടികയിൽ വിനിർദ്ദേശിച്ചിട്ടുള്ള എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ കാര്യങ്ങൾക്കുവേണ്ടി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(3) നിധിയിൽ താഴെ പറയുന്നവ വരവുവയ്ക്കേണ്ടതാണ്, അതായത് :—

(i) 6-ാം വകുപ്പ് പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

(ii) 8-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അംശദായം;

(iii) 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന 'കിസാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലുള്ള തുക;

(iv) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ 2013-ലെ കമ്പനി നിയമ പ്രകാരമുള്ള (2013-ലെ 18-ാം കേന്ദ്ര ആക്റ്റ്) കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവയോ;

(v) കിസാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേക്ക് സർക്കാർ വർഷം തോറും നൽകുന്ന തുക;

(vi) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

(vii) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ് ;

(viii) വരുമാന ക്രോഡീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

(ix) പരിസ്ഥിതിസംരക്ഷണം എന്ന ഉദ്ദേശ്യത്തോടു കൂടി, കർഷകക്ഷേമത്തിനായി ഏതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും, മറ്റേതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷകക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ;

(x) 9-ാം വകുപ്പ് പ്രകാരം കാർഷിക ഇൻസെന്റീവായി ലഭിക്കുന്ന തുക;

(xi) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേക്ക് വരവ് കൊള്ളിക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

(4) നിധി ബോർഡിൽ നിക്ഷിപ്തമായിരിക്കുന്നതും ഈ ആക്റ്റിലും പദ്ധതിയിലും വ്യവസ്ഥ ചെയ്യുന്ന പ്രകാരം അത് ബോർഡ് കൈകാര്യം ചെയ്യേണ്ടതുമാണ്.

(5) ഈ ആക്റ്റിലെയും പദ്ധതിയിലെയും വ്യവസ്ഥകൾക്ക് വിധേയമായി നിധി താഴെ പറയുന്ന പ്രകാരം എല്ലാമോ അല്ലെങ്കിൽ ഏതെങ്കിലുമോ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്, അതായത് :—

(എ) അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ച് ക്ഷേമനിധിയിൽ അംഗമായിട്ടുള്ളതും അറുപത് വയസ്സ് പൂർത്തിയാകുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ

അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതി പ്രകാരം നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന്:

എന്നാൽ, ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും അയാൾ 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം അംഗമാകുകയും തുടർന്നുള്ള വർഷങ്ങളിൽ അംശദായം അടയ്ക്കുകയും ചെയ്യുന്ന സംഗതിയിൽ അയാൾക്ക് അറുപത് വയസ് പൂർത്തിയായ ശേഷം പദ്ധതി പ്രകാരം അർഹമായ നിരക്കിൽ പെൻഷൻ നൽകാവുന്നതാണ്;

(ബി) കിസാൻ അഭിമാൻ പദ്ധതിയിൻകീഴിൽ പെൻഷൻ ലഭിച്ചിരുന്ന, അറുപത് വയസ്സ് പൂർത്തിയായ ചെറുകിട നാമമാത്ര കർഷകർക്ക് കാലാകാലങ്ങളിൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ പെൻഷൻ നൽകുന്നതിന്:

എന്നാൽ, മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമായി പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭിച്ചുകൊണ്ടിരിക്കുന്ന ആളുകൾക്ക് പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതല്ല;

(സി) കാർഷികവൃത്തി അവസാനിപ്പിച്ചതോ അല്ലെങ്കിൽ അനാരോഗ്യം കാരണം ജോലിയിൽ തുടരാൻ സാധിക്കാത്തതോ ആയതും, അഞ്ച് വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ അംഗമായിരുന്ന ഒരാൾക്ക് അയാൾ ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ വർഷത്തിന്റെയും അടിസ്ഥാനത്തിൽ പദ്ധതിപ്രകാരം നിശ്ചയിക്കുന്ന നിരക്കുകളിൽ നിശ്ചിത തുകയും പെൻഷനും നൽകുന്നതിന്;

(ഡി) കുടുംബ പെൻഷനും മരണാനന്തര ആനുകൂല്യങ്ങളും നൽകുന്നതിന്;

(ഇ) സ്ഥായിയായ ശാരീരിക/മാനസിക അവശത അനുഭവിക്കുന്ന അംഗത്തിന് സാമ്പത്തിക സഹായം നൽകുന്നതിന്;

(എഫ്) അംഗങ്ങളുടെ ചികിത്സാ ധനസഹായത്തിനും വനിതാ അംഗങ്ങൾക്ക് പ്രസവസംബന്ധമായ ആനുകൂല്യങ്ങൾ നൽകുന്നതിനും, വനിതാ അംഗങ്ങളുടെയോ അംഗങ്ങളുടെ പെൺമക്കളുടെയോ വിവാഹധനസഹായത്തിനും അംഗങ്ങളുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായത്തിനും;

(ജി) ഇരുപത്തഞ്ച് വർഷം അംശദായം അടച്ചിട്ടുള്ള അംഗങ്ങൾക്ക് പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന നിരക്കിൽ ഒരു നിശ്ചിത തുക ഒറ്റത്തവണയായി നൽകുന്നതിന്;

(എച്ച്) അംഗങ്ങൾക്കുണ്ടാകുന്ന അപകടവും മരണവും, പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന അപകടവും മരണവും, വന്യജീവികളുടെ ആക്രമണംമൂലമുണ്ടാകുന്ന മരണവും

ശാരീരിക അവശതകളും പലവിധത്തിലുള്ള വിഷബാധകളും ഉൾപ്പെടെയുള്ള കഷ്ടനഷ്ടങ്ങൾക്ക്, അംഗങ്ങൾക്കോ കുടുംബത്തിലെ അംഗങ്ങൾക്കോ, അതതു സംഗതിപോലെ, നഷ്ടപരിഹാരം നൽകുന്നതിന്;

(ഐ) നിധിയിലേക്ക് അംശദായം അടയ്ക്കുകയും അഞ്ച് വർഷം പൂർത്തിയായില്ല എന്ന കാരണത്താൽ ആനുകൂല്യങ്ങൾക്ക് അർഹത ഇല്ലാത്തവർക്ക് നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ളതുമായ തുക തിരികെ നൽകുന്നതിന്;

(ജെ) ബോർഡിന്റെ ദൈനംദിന ഭരണ ചെലവുകൾക്ക്.

(6) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി ബോർഡിന് നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്താവുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാവുന്നതുമാണ്.

(7) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കു വിധേയമായി (1)-ാം ഉപവകുപ്പ് പ്രകാരം ആവിഷ്കരിക്കുന്ന പദ്ധതിയിൽ (5)-ാം ഉപവകുപ്പിലും പട്ടികയിലും പറഞ്ഞിട്ടുള്ള കാര്യങ്ങൾക്കായി വ്യവസ്ഥ ചെയ്യാവുന്നതാണ്.

(8) സർക്കാരിന്, വിജ്ഞാപനം വഴി, ഈ വകുപ്പിൻ കീഴിൽ ആവിഷ്കരിക്കുന്ന പദ്ധതി, മുൻകാല പ്രാബല്യത്തോട് കൂടിയോ, പിൽക്കാല പ്രാബല്യത്തോട് കൂടിയോ എന്തെങ്കിലും കൂട്ടിച്ചേർക്കലുകൾ വരുത്തുകയോ ഭേദഗതി വരുത്തുകയോ അല്ലെങ്കിൽ വ്യത്യാസപ്പെടുത്തുകയോ ചെയ്യാവുന്നതാണ്.

(9) ഈ വകുപ്പ് പ്രകാരം ആവിഷ്കരിച്ച പദ്ധതി, അത് ആവിഷ്കരിച്ചതിന് ശേഷം കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായ രണ്ട് സമ്മേളനത്തിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത പദ്ധതിയിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ പദ്ധതി ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ പദ്ധതിക്ക് അതിനുശേഷം അതതു സംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവുമില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ, റദ്ദാക്കലോ, ആ പദ്ധതി പ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

4. നിധിയിലെ അംഗത്വം.—(1) പതിനെട്ട് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും ഈ ആക്ടിലെയും പദ്ധതിയിലെയും വ്യവസ്ഥകൾ പ്രകാരം നിധിയിൽ അംഗമായി രജിസ്റ്റർ ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്:

എന്നാൽ, കിസാൻ അഭിമാൻ പദ്ധതി പ്രകാരമുള്ള തുക 29-ാം വകുപ്പ് (1)-ാം ഉപവകുപ്പ് പ്രകാരം നിധിയിലേക്ക് കൈമാറ്റം ചെയ്യപ്പെടുന്നപക്ഷം അങ്ങനെ കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവരെ നിധിയിലെ അംഗങ്ങളായി കരുതപ്പെടേണ്ടതാണ്:

എന്നുമാത്രമല്ല, ഈ ആക്ടിന്റെ പ്രാരംഭ തീയതിയിൽ അൻപത്തിയാറ് വയസ്സ് പൂർത്തിയായ ഏതൊരു കർഷകനും അറുപത്തിയഞ്ച് വയസ്സു വരെ നിധിയിൽ അംഗമാകുന്നതിന് അർഹതയുണ്ടായിരിക്കുന്നതാണ്.

(2) അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷകൾ കൃഷിഭവനിൽ നേരിട്ടോ ഓൺലൈൻ മുഖാന്തിരമോ പദ്ധതിയിൽ വിനിർദ്ദേശിക്കുന്ന പ്രകാരമുള്ള രേഖകളും രജിസ്ട്രേഷൻ ഫീസും സഹിതം നൽകേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കപ്പെട്ട എല്ലാ അപേക്ഷകളും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന വിധത്തിൽ ബന്ധപ്പെട്ട കൃഷി ഓഫീസറോ അപേക്ഷകന്റെ കാർഷികവൃത്തിയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥനോ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(3) ഈ ആക്ടിലെയും പദ്ധതിയിലേയും വ്യവസ്ഥകൾ അപേക്ഷകൻ പാലിച്ചിട്ടുണ്ടെന്ന് (2)-ാം ഉപവകുപ്പ് പ്രകാരം കൃഷി ആഫീസർക്ക് ബോധ്യമാകുന്ന സംഗതിയിൽ അപേക്ഷകനെ ഉടൻതന്നെ അംഗമായി രജിസ്റ്റർ ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണത്താൽ അപേക്ഷ നിരസിക്കുന്ന പക്ഷം, പ്രസ്തുത വിവരം ആയതിനുള്ള കാരണങ്ങൾ സഹിതം അപേക്ഷ കൈപ്പറ്റി മുപ്പതു ദിവസത്തിനകം രേഖാമൂലം അപേക്ഷകനെ അറിയിക്കേണ്ടതാണ്:

എന്നാൽ, അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകാതെ അംഗമായി രജിസ്റ്റർ ചെയ്യുന്നതിനുള്ള യാതൊരു അപേക്ഷയും നിരസിക്കുവാൻ പാടുള്ളതല്ല.

(4) (3)-ാം ഉപവകുപ്പ് പ്രകാരമുള്ള തീരുമാനത്തിന്മേൽ പരാതിയുള്ള ഏതൊരാൾക്കും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെട്ട സമയത്തിനുള്ളിൽ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, അല്ലെങ്കിൽ ഇതിലേക്കായി സർക്കാർ നിശ്ചയിക്കുന്ന മറ്റേതെങ്കിലും അധികാരസ്ഥനോ, അപ്പീൽ നൽകാവുന്നതും അപ്പീൽ അപേക്ഷയിന്മേൽ ആവശ്യമായ അന്വേഷണം നടത്തിയതിനും അപ്പീൽ അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു

അവസരം നൽകിയതിനുശേഷം അങ്ങനെയുള്ള അപ്പീലിന്മേൽ, അത് കൈപ്പറ്റി മുപ്പതു ദിവസത്തിനകം, ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അപ്രകാരമുള്ള മറ്റ് അധികാരസ്ഥനോ തീരുമാനം കൈക്കൊള്ളേണ്ടതും അപ്രകാരമുള്ള തീരുമാനം അന്തിമമായിരിക്കുന്നതുമാണ്.

(5) ഓരോ അംഗത്തിനും ഒരു അംഗത്വ സർട്ടിഫിക്കറ്റും തിരിച്ചറിയൽ കാർഡും വിശദാംശങ്ങൾ രേഖപ്പെടുത്തിയ ഒരു പാസ്സ് ബുക്കും നിർണ്ണയിക്കപ്പെടാവുന്ന മാതൃകയിലും അങ്ങനെയുള്ള രീതിയിലും നൽകേണ്ടതും ഇതുസംബന്ധിച്ച ഒരു രജിസ്റ്റർ ബന്ധപ്പെട്ട ഓഫീസിൽ സൂക്ഷിച്ചുപോരേണ്ടതുമാണ്.

(6) ഈ വകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ആവശ്യങ്ങൾക്കായി നിർണ്ണയിക്കപ്പെട്ട രജിസ്റ്ററുകൾ, മറ്റ് രേഖകൾ എന്നിവ സൂക്ഷിച്ചുപോരുന്നതിനായി ചീഫ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

5. <u>നിധിയിലെ അംഗത്വം റദ്ദാക്കൽ.</u>—(1) ഒരംഗം ഏതെങ്കിലും തരത്തിലുള്ള കൃത്രിമം കാട്ടിയതായോ അംഗത്വത്തിനുള്ള നിബന്ധനകളുമായി ബന്ധപ്പെട്ടോ പദ്ധതി പ്രകാരം ആനുകൂല്യങ്ങൾ ലഭിക്കുന്നതിനായോ വ്യാജമായ വിവരം എപ്പോഴെങ്കിലും നൽകിയിട്ടുണ്ടെന്നോ കണ്ടെത്തുന്ന സംഗതിയിൽ അങ്ങനെയുള്ള അംഗത്തിന്റെ അംഗത്വം റദ്ദാക്കേണ്ടതാണ് :

എന്നാൽ, അംഗത്വം റദ്ദാക്കിക്കൊണ്ടുള്ള യാതൊരു ഉത്തരവും അപേക്ഷകനെ കേൾക്കുന്നതിന് ന്യായമായ ഒരു അവസരം നൽകാതെ പുറപ്പെടുവിക്കുവാൻ പാടുള്ളതല്ല :

എന്നുമാത്രമല്ല, അംഗത്വം റദ്ദാക്കപ്പെടുന്നതിലൂടെ സങ്കടമനുഭവിക്കുന്ന ഏതൊരു അംഗത്തിനും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലയളവിനുള്ളിൽ സർക്കാരിന് അപ്പീൽ നൽകാവുന്നതാണ്.

(2) ഒരംഗം ഒരു വർഷക്കാലം തുടർച്ചയായി അംശദായം അടയ്ക്കുവാൻ വീഴ്ച വരുത്തുകയാണെങ്കിൽ നിധിയിലെ അയാളുടെ അംഗത്വം അവസാനിക്കുന്നതാണ്.

6. <u>അംഗത്വം പുനരുജ്ജീവിപ്പിക്കൽ.</u>—5-ാം വകുപ്പ് (2)-ാം ഉപവകുപ്പ് പ്രകാരം അംഗത്വം അവസാനിച്ച തീയതി മുതൽ മൂന്ന് വർഷത്തിനകം നിർണ്ണയിക്കപ്പെടാവുന്ന നിരക്കിലുള്ള വാർഷിക പലിശയോടുകൂടി കുടിശ്ശിക അടച്ചാൽ അംഗത്വം പുനരുജ്ജീവിപ്പിച്ച് നൽകാവുന്നതാണ് :

എന്നാൽ, അംശദായം അടയ്ക്കാതിരുന്നതിന് മതിയായ കാരണമുണ്ടെന്ന് ബോർഡിന് ബോധ്യമാകുന്ന പക്ഷം പലിശ ഒഴിവാക്കാവുന്നതാണ്.

7. <u>വിവരങ്ങൾ സൂക്ഷിച്ചുപോരേണ്ടതാണെന്ന്.</u>—പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ എല്ലാ കൃഷിഭവനുകളിലും നിർണ്ണയിക്കപ്പെട്ട രീതിയിൽ സൂക്ഷിച്ചുപോരേണ്ടതാണ്. കേന്ദ്രീകൃത വിവരസാങ്കേതിക വിദ്യയിലൂന്നിയ സംവിധാനത്തിലൂടെ പദ്ധതിയുടെ നടത്തിപ്പിനാവശ്യമായ വിവരങ്ങൾ ബോർഡ് കാലാനുസൃതമായി പുതുക്കേണ്ടതുമാണ്.

8. <u>നിധിയിലേക്കുള്ള അംശദായം.</u>—(1) ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറ് രൂപ വീതം നിധിയിലേയ്ക്ക് അംശദായം നൽകേണ്ടതാണ്:

എന്നാൽ, അംഗങ്ങൾക്ക് സ്വന്തം ഇഷ്ടപ്രകാരം പ്രതിമാസ വിഹിതം ഉയർന്ന നിരക്കിൽ അടയ്ക്കാവുന്നതാണ്. അപ്രകാരം ഉയർന്ന നിരക്കിൽ അടച്ച തുകയിൽ അതേ സാമ്പത്തിക വർഷത്തിൽ രണ്ട് തവണയിൽ കൂടുതൽ കുറവ് വരുത്തുവാൻ പാടുള്ളതല്ല:

എന്നുമാത്രമല്ല, അംഗങ്ങൾക്ക് അവർ ഒടുക്കേണ്ടതായ അംശദായം വാർഷികമായോ അർദ്ധവാർഷികമായോ ഒരുമിച്ച് ഒടുക്കാവുന്നതാണ്.

(2) ഓരോ സാമ്പത്തിക വർഷവും അംഗങ്ങൾ നിധിയിലേയ്ക്ക് അംശദായമായി നൽകേണ്ട തുകയുടെ തത്തുല്യമായ തുക, പരമാവധി പ്രതിമാസം ഇരുന്നൂറ്റി അൻപത് രൂപ എന്നതിനു വിധേയമായി, സർക്കാർ അംശദായമായി നൽകേണ്ടതാണ്. ബോർഡിന്റെ ആവശ്യപ്രകാരം അംഗങ്ങൾ നിധിയിൽ നിക്ഷേപിച്ച തുകയ്ക്ക് ആനുപാതികമായി സർക്കാർ വിഹിതം, അർദ്ധവാർഷികമായി നൽകാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കിസാൻ അഭിമാൻ പദ്ധതിയിൻ കീഴിൽ പെൻഷൻ നൽകുന്നതിന് ഈ ആക്ടിന്റെ പ്രാരംഭ തീയതിക്കു മുൻപ് സർക്കാർ അനുവദിച്ചിരുന്ന തുകയ്ക്ക് സമാനമായ തുക, നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ, എല്ലാ വർഷവും ബോർഡിന് ലഭ്യമാക്കുവാൻ ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കേണ്ടതാണ്.

9. <u>കാർഷിക ഇൻസെന്റീവ്.</u>—(1) കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവായി നിധിയിലേയ്ക്ക്, നിർണ്ണയിക്കപ്പെട്ട രീതിയിൽ, നൽകേണ്ടതാണ്:

എന്നാൽ, വാർഷിക ലാഭം ഒരു ലക്ഷം രൂപയിൽ താഴെ വരുന്ന വ്യാപാരികൾക്ക് ഇതു ബാധകമല്ല:

എന്നുമാത്രമല്ല, സർക്കാരിന് ബോർഡിന്റെ ശിപാർശയിന്മേൽ, വിജ്ഞാപനം വഴി, വാർഷികലാഭത്തിന്റെ പരിധി പുതുക്കി നിശ്ചയിക്കാവുന്നതാണ്.

(2) ഇപ്രകാരമുള്ള ലാഭം തിട്ടപ്പെടുത്തുന്നതിലേയ്ക്കായി, നിർണ്ണയിക്കപ്പെടാവുന്ന രീതിയിലും സമയത്തും ഓരോ വ്യാപാരിയും തന്റെ മുൻ സാമ്പത്തിക വർഷത്തെ വിറ്റുവരവും ലാഭവും കാണിച്ചു കൊണ്ടുള്ള റിട്ടേൺ ബോർഡിന്റെ മേഖലാ ഓഫീസുകളിലെ അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ മുമ്പാകെ സമർപ്പിക്കേണ്ടതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിച്ചിട്ടുള്ള റിട്ടേൺ പരിശോധിച്ചു കൊണ്ട് അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ആഫീസർ, നിർണ്ണയിക്കപ്പെട്ട പ്രകാരം, അന്വേഷണം നടത്തിയതിനോ നടത്തിച്ചതിനോ ശേഷം വ്യാപാരി നൽകേണ്ടതായ കാർഷിക ഇൻസെന്റീവ് തുക നിശ്ചയിച്ചുകൊണ്ടും അത് ഏത് തീയതികളിൽ നൽകണമെന്ന് നിർദ്ദേശിച്ചുകൊണ്ടും ഉത്തരവ് നൽകേണ്ടതാണ്. പ്രസ്തുത ഉത്തരവിനെതിരെ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ബോർഡ് മുമ്പാകെ നിർണ്ണയിക്കപ്പെട്ട പ്രകാരം അപ്പീൽ നൽകാവുന്നതാണ്.

(4) (3)-ാം ഉപവകുപ്പ് പ്രകാരം അന്വേഷണം നടത്തുന്ന ഉദ്യോഗസ്ഥന് അത്തരം അന്വേഷണത്തിന്റെ ആവശ്യത്തിലേയ്ക്കായി, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്ട്) അനുസരിച്ച് ഒരു വ്യവഹാരം വിചാരണ ചെയ്യുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെപ്പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, —

(എ) ഏതൊരാളിന്റെയും ഹാജർ ഉറപ്പുവരുത്തുകയും, സത്യപ്രതിജ്ഞയിന്മേലോ ദൃഢപ്രതിജ്ഞയിന്മേലോ അയാളെ വിസ്തരിക്കുകയും ചെയ്യുന്നതിന്;

(ബി) രേഖകളും പ്രമാണങ്ങളും വെളിപ്പെടുത്തുന്നതിനും, കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന്; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിനു വേണ്ടി കമ്മീഷനുകളെ നിയോഗിക്കുന്നതിന്.

(5) ഈ വകുപ്പിൻകീഴിൽ നടത്തപ്പെടുന്ന ഏതൊരു അന്വേഷണവും 1860-ലെ ഇൻഡ്യൻ ശിക്ഷാ നിയമസംഹിതയിലെ (1860-ലെ 45-ാം കേന്ദ്ര ആക്ട്) 193-ഉം 228-ഉം വകുപ്പുകളുടെ അർത്ഥ വ്യാപ്തിക്കുള്ളിലും പ്രസ്തുത നിയമസംഹിതയിലെ 196-ാം വകുപ്പിന്റെ ആവശ്യത്തിനും ഒരു നീതിന്യായ നടപടി ആയി കരുതപ്പെടുന്നതാണ്.

വിശദീകരണം:— ഈ വകുപ്പിന്റെ ആവശ്യത്തിലേയ്ക്കായി "വ്യാപാരി" എന്നാൽ കർഷകർ ഉത്പാദിപ്പിക്കുന്ന കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്ന സംരംഭകരോ വ്യവസായികളോ വ്യവസായ സ്ഥാപനങ്ങളോ എന്നർത്ഥമാകുന്നു.

10. <u>അംഗങ്ങൾ ഇൻഷ്വറൻസ് പോളിസി എടുക്കണമെന്ന്.</u>—അംഗങ്ങൾ ബോർഡ് തീരുമാനിക്കുന്ന പ്രകാരമുള്ള ഇൻഷ്വറൻസ് പദ്ധതിയിൽ ചേരേണ്ടതാണ്.

11. <u>ബോർഡിന്റെ രൂപീകരണം.</u>—(1) ഈ ആക്റ്റ് പ്രാബല്യത്തിൽ വരുന്നതോടുകൂടി നിധിയുടെ ഭരണനിർവ്വഹണത്തിനും നടത്തിപ്പിനും, നിധിയിൽ നിന്നും ധനസഹായം നൽകുന്ന പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും അവ നിർവ്വഹിക്കുന്നതിനും അതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും നടപ്പിലാക്കുന്നതിനും വേണ്ടി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, 'കേരള കർഷക ക്ഷേമനിധി ബോർഡ്' എന്ന പേരിൽ ഒരു ബോർഡ് രൂപീകരിക്കാവുന്നതാണ്.

(2) ബോർഡ് ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതു മുദ്രയോടുംകൂടി മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃതനികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാണ്.

(3) ബോർഡിന്റെ ചെയർപേഴ്സണായി കാർഷിക മേഖലയിൽ പ്രാവീണ്യമുള്ള ഒരാളെ, ഗസറ്റ് വിജ്ഞാപനം വഴി, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

(4) ബോർഡിൽ ചെയർപേഴ്സണെ കൂടാതെ താഴെ പറയുന്ന ഡയറക്ടർമാർ അടങ്ങിയിരിക്കേണ്ടതാണ്, അതായത് :—

(i) കാർഷികോൽപാദന കമ്മീഷണർ;

(ii) സെക്രട്ടറി, കൃഷി വകുപ്പ് അല്ലെങ്കിൽ കൃഷി വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(iii) ഡയറക്ടർ, കാർഷിക വികസനവും കർഷക ക്ഷേമവും വകുപ്പ്;

(iv) ഡയറക്ടർ, മൃഗസംരക്ഷണ വകുപ്പ്;

(v) ധനകാര്യ വകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(vi) നിയമവകുപ്പിലെ ജോയിന്റ് സെക്രട്ടറി പദവിയിൽ താഴെയല്ലാത്ത ഒരു ഉദ്യോഗസ്ഥൻ ;

(vii) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള വെജിറ്റബിൾ ആന്റ് ഫ്രൂട്ട്സ് പ്രൊമോഷൻ കൗൺസിൽ (വി. എഫ്. പി. സി. കെ.) ;

(viii) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കാർഷിക മേഖലയിൽ നിന്നുള്ള ഒരു വിദഗ്ധൻ;

(ix) സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന, കർഷകരെ പ്രതിനിധീകരിക്കുന്ന പതിനാല് അംഗങ്ങൾ; അവരിൽ, കുറഞ്ഞത് രണ്ട് പേർ വനിതാ കർഷകരും, ഒരാൾ വീതം പട്ടികജാതിയിലും പട്ടിക വർഗ്ഗത്തിലും ഉൾപ്പെട്ട കർഷകരും, ഒരാൾ യുവ കർഷക പ്രതിനിധിയും, ഒരാൾ നെൽകർഷക പ്രതിനിധിയും ആയിരിക്കേണ്ടതാണ്;

(x) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ - മെമ്പർ സെക്രട്ടറി

(5) ബോർഡിന്റെ കാര്യനിർവ്വഹണത്തിനായി താഴെപ്പറയുന്ന ഉദ്യോഗസ്ഥർ ഉണ്ടായിരിക്കേണ്ടതാണ്, അതായത് :—

(i) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അദ്ദേഹം അഖിലേന്ത്യാ സർവ്വീസിലോ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിലോ അല്ലെങ്കിൽ കൃഷിവകുപ്പിലെ ജോയിന്റ് ഡയറക്ടറുടെ പദവിയിലോ കുറയാത്ത ഒരു ഉദ്യോഗസ്ഥൻ ആയിരിക്കേണ്ടതാണ്;

(ii) ജോയിന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, അദ്ദേഹം കൃഷി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിൽ നിന്നായിരിക്കേണ്ടതാണ്;

(iii) അസിസ്റ്റന്റ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർ, അവർ മൂന്ന് മേഖലാ തലത്തിൽ പ്രവർത്തിക്കേണ്ടതും കൃഷി വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ പദവിയിൽ നിന്നായിരിക്കേണ്ടതുമാണ്;

(iv) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, അദ്ദേഹം സർക്കാർ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്നായിരിക്കേണ്ടതാണ്;

(v) ഫിനാൻസ് ഓഫീസർ, അദ്ദേഹം ധനകാര്യ വകുപ്പിലെ അണ്ടർ സെക്രട്ടറി തസ്തികയിൽ നിന്നായിരിക്കേണ്ടതാണ്.

(6) ബോർഡിന്റെ ഭരണനിർവ്വഹണ ചെലവുകൾക്കായി നിധിയിൽ നിന്നും ചെലവാക്കുന്ന തുകയുടെ പരിധി അംശദായത്തിന്റെ പത്ത് ശതമാനം ആയിരിക്കേണ്ടതാണ്.

(7) ബോർഡ് അതിൽ നിക്ഷിപ്തമായിരിക്കുന്ന നിധിയുടെ കാര്യനിർവ്വഹണം പദ്ധതിയിൽ വ്യവസ്ഥ ചെയ്യുന്ന രീതിയിൽ നടപ്പിലാക്കേണ്ടതാണ്.

(8) ബോർഡിന്, സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടുകൂടി, പ്രത്യേകം പറയാവുന്ന പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വ്യവസ്ഥകൾക്കും വിധേയമായി, നിധിയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമെന്ന് കരുതുന്നതും, ഈ ആക്റ്റോ പദ്ധതിയോ പ്രകാരമുള്ളതുമായ അതിന്റെ അധികാരങ്ങളും ചുമതലകളും ബോർഡിന്റെ ചെയർപേഴ്സണോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ അല്ലെങ്കിൽ 15-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് പ്രകാരം ചുമതലപ്പെടുത്തിയ ഏതെങ്കിലും ഓഫീസർക്കോ, ജീവനക്കാർക്കോ ഏൽപ്പിച്ചു കൊടുക്കാവുന്നതാണ്.

12. <u>ബോർഡിന്റെ യോഗങ്ങൾ.</u>—(1) ബോർഡ്, അതിന്റെ ബിസിനസ്സ് നടത്തിപ്പിനായി കുറഞ്ഞത് മൂന്നു മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

(2) ബോർഡിന്റെ ഒരു യോഗത്തിനുവേണ്ടിയുള്ള ക്വാറം, ചെയർപേഴ്സൺ ഉൾപ്പെടെ, മൂന്ന് ഔദ്യോഗിക ഡയറക്ടർമാരും ആറ് അനൗദ്യോഗിക ഡയറക്ടർമാരും ആയിരിക്കേണ്ടതാണ്.

(3) ചെയർപേഴ്സന്റെ അഭാവത്തിൽ യോഗത്തിൽ ഹാജരായിട്ടുള്ള ഡയറക്ടർമാരിൽ നിന്ന് തിരഞ്ഞെടുക്കപ്പെടുന്ന ഒരു ഡയറക്ടർ, ബോർഡ് യോഗത്തിൽ ആദ്ധ്യക്ഷം വഹിക്കേണ്ടതാണ്.

(4) ബോർഡ് യോഗത്തിനു മുമ്പാകെ വരുന്ന ഏതൊരു സംഗതിയും, യോഗത്തിൽ ഹാജരായിട്ടുള്ള ഡയറക്ടർമാരുടെ ഭൂരിപക്ഷം വോട്ടിലൂടെ തീരുമാനിക്കപ്പെടേണ്ടതും, തുല്യ വോട്ടുകളുടെ സംഗതിയിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ചെയർപേഴ്സണ് അല്ലെങ്കിൽ യോഗത്തിൽ ആദ്ധ്യക്ഷ്യം വഹിക്കുന്ന ഡയറക്ടർക്ക് ഒരു കാസ്റ്റിംഗ് വോട്ടവകാശം ഉണ്ടായിരിക്കുന്നതുമാണ്.

13. <u>ഡയറക്ടർമാരുടെ ഔദ്യോഗിക കാലാവധി.</u>—(1) 11-ാം വകുപ്പ് (4)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ അദ്ദേഹം ചുമതല ഏറ്റെടുത്ത തീയതി മുതൽ മൂന്ന് വർഷം വരെ പദവി വഹിക്കേണ്ടതാണ്.

(2) 14-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് എപ്പോൾ വേണമെങ്കിലും രേഖാമൂലം കാരണം കാണിച്ചുകൊണ്ട് ബോർഡിലെ ഏതൊരു ഡയറക്ടറെയും, നിർദ്ദിഷ്ട നീക്കം ചെയ്യലിനെതിരെ കാരണം കാണിക്കാനുള്ള ന്യായമായ ഒരു അവസരം നൽകിയ ശേഷം, നീക്കം ചെയ്യാവുന്നതാണ്.

എന്നാൽ, പൊതുതാൽപ്പര്യം പരിഗണിച്ച് കാരണങ്ങൾ രേഖപ്പെടുത്തുന്നതോ, അങ്ങനെയുള്ള അവസരങ്ങൾ നൽകുന്നതോ യുക്തമല്ലെന്ന് സർക്കാരിന് അഭിപ്രായമുള്ള പക്ഷം നീക്കം ചെയ്യുന്നതിനുള്ള കാരണം രേഖപ്പെടുത്തുകയോ നീക്കം ചെയ്യലിനെതിരേ കാരണം കാണിക്കാൻ അവസരം നൽകുകയോ ചെയ്യേണ്ടതില്ല.

(3) ഏതൊരു ഡയറക്ടർക്കും, സർക്കാരിന് രേഖാമൂലം കത്ത് നൽകിക്കൊണ്ട് തന്റെ സ്ഥാനം രാജിവയ്ക്കാവുന്നതും രാജിക്കത്ത് സർക്കാർ സ്വീകരിക്കുന്ന തീയതി മുതൽ ആയത് പ്രാബല്യത്തിൽ വരുന്നതുമാണ്.

14. <u>അനൗദ്യോഗിക ഡയറക്ടർമാരുടെ അയോഗ്യതയും നീക്കം ചെയ്യലും.</u>—(1) സർക്കാരിന്, ബോർഡിലെ ഏതൊരു അനൗദ്യോഗിക ഡയറക്ടറെയും, അയാൾ,—

(എ) ബുദ്ധിസ്ഥിരതയില്ലാത്ത ആളായിത്തീരുകയോ;

(ബി) അവിമുക്ത നിർദ്ധനനായി വിധിക്കപ്പെടുകയോ;

(സി) സദാചാരദൂഷ്യം ഉൾപ്പെടുന്ന കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിലോ;

(ഡി) ബോർഡിലെ ഒരു ഡയറക്ടറായി പ്രവർത്തിക്കുന്നതിന് യോഗ്യനല്ലെന്നോ കഴിവില്ലാത്തവനായി തീർന്നുവെന്നോ ബോർഡിലെ ഡയറക്ടറായി അദ്ദേഹം തുടരുന്നത് പൊതു താല്പര്യത്തിന് ഹാനികരമായി തീരത്തക്കവിധം തന്റെ പദവി ദുരുപയോഗ പ്പെടുത്തിയിട്ടുണ്ടെന്നോ സർക്കാരിന് അഭിപ്രായമുള്ളപക്ഷമോ;

(ഇ) ബോർഡിന്റെ അനുവാദം കൂടാതെ തുടർച്ചയായി അതിന്റെ മൂന്ന് യോഗങ്ങളിൽ ഹാജരാകാതിരിക്കുകയോ ചെയ്താൽ,

ഔദ്യോഗിക സ്ഥാനത്ത് തുടരുന്നതിന് അയോഗ്യനാണെന്ന് കണ്ട് തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യാവുന്നതാണ്:

എന്നാൽ, (ഇ) ഖണ്ഡപ്രകാരം ബോർഡിലെ ഒരു ഡയറക്ടറെ നീക്കംചെയ്യുന്നതിന് മുമ്പായി അദ്ദേഹത്തെ നീക്കംചെയ്യാതിരിക്കാനുള്ള കാരണം കാണിക്കുന്നതിന് അദ്ദേഹത്തിന് ന്യായമായ ഒരവസരം നൽകേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പ് (ഇ) ഖണ്ഡ പ്രകാരം ബോർഡിൽ നിന്നും നീക്കം ചെയ്യപ്പെട്ട ഒരു അനൗദ്യോഗിക ഡയറക്ടർ അദ്ദേഹത്തെ നീക്കംചെയ്ത തീയതി മുതൽ ഒരു വർഷത്തേക്ക് വീണ്ടും ഡയറക്ടറായി നാമനിർദ്ദേശം ചെയ്യപ്പെടുന്നതിന് അയോഗ്യനായിരിക്കുന്നതാണ്.

15. ഉദ്യോഗസ്ഥന്മാരുടെയും ജീവനക്കാരുടെയും നിയമനം.—(1) സർക്കാരിന്, ഈ ആക്റ്റും പദ്ധതിയും പ്രകാരമുള്ള ബോർഡിന്റെ ചുമതലകളും കർത്തവ്യങ്ങളും നിർവ്വഹിക്കുന്നതിന് ബോർഡിനെ സഹായിക്കുന്നതിനായി ഒരു ചീഫ് എക്സിക്യൂട്ടീവ് ആഫീസറെയും, 11-ാം വകുപ്പ് (5)-ാം ഉപവകുപ്പിൽ വിനിർദ്ദേശിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ അന്യത്രസേവന വ്യവസ്ഥയിലും ആവശ്യമെന്നു കരുതുന്നത്ര മറ്റു ഉദ്യോഗസ്ഥരെയും ജീവനക്കാരെയും നേരിട്ട് നിയമിക്കാവുന്നതും കൃഷി വകുപ്പിലെ കൃഷി ഓഫീസർമാർ ഉൾപ്പെടെയുള്ള മറ്റു ഉദ്യോഗസ്ഥന്മാരെയും ജീവനക്കാരെയും ഉത്തരവ് മൂലം ചുമതലപ്പെടുത്താവുന്നതുമാണ്.

(2) (3)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി, (1)-ാം ഉപവകുപ്പ് പ്രകാരം നിയമിക്കപ്പെട്ട മറ്റ് ഉദ്യോഗസ്ഥന്മാരുടെയും, ജീവനക്കാരുടെയും നിയമന രീതിയും ശമ്പളവും ബത്തകളും മറ്റ് സേവന വേതന വ്യവസ്ഥകളും സർക്കാരിന്റെ അംഗീകാരത്തോടെ ബോർഡ് നിശ്ചയിക്കേണ്ടതാണ്.

(3) ബോർഡിന്റെ കീഴിലുള്ള സർവ്വീസിലെ നേരിട്ടുള്ള നിയമനം വഴി നിയമനം നടത്തപ്പെടുന്ന തസ്തികകളുടെ സംഗതിയിൽ അതതു സമയം ഭേദഗതി ചെയ്ത പ്രകാരമുള്ള 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങളിലെ 14-ാം ചട്ടത്തിലെ (എ), (ബി), (സി) എന്നീ ഖണ്ഡങ്ങളിലെ വ്യവസ്ഥകളും 15, 16, 17, 17എ എന്നീ ചട്ടങ്ങളിലെ വ്യവസ്ഥകളും അനുയോജ്യമായ മാറ്റങ്ങളോടെ പാലിക്കേണ്ടതാണ്.

16. ബോർഡിലെ ഡയറക്ടർമാർക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും.—ബോർഡിലെ അനൗദ്യോഗിക ഡയറക്ടർമാർക്കുള്ള സിറ്റിംഗ് ഫീസും യാത്രാബത്തയും ദിനബത്തയും പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടാവുന്ന പ്രകാരമുള്ള നിരക്കിൽ ആയിരിക്കേണ്ടതാണ്.

17. അംശദായം ഒടുക്കൽ.—(1) നിധിയിൽ അംഗമായ ഓരോ കർഷകനും നിധിയിലേക്ക് നൽകേണ്ടതായ തുക കൃത്യമായി നൽകേണ്ടതാണ്.

(2) ഓരോ കർഷകനും 8-ാം വകുപ്പ് പ്രകാരം നിധിയിലേക്ക് നൽകേണ്ടതായ അംശദായം ഓൺലൈനായോ പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന മറ്റ് രീതിയിലോ ഒടുക്കേണ്ടതും അപ്രകാരം ഒടുക്കിയ തുക പദ്ധതിയിൽ വിനിർദ്ദേശിക്കപ്പെടുന്ന രീതിയിൽ നിധിയിൽ അടയ്ക്കേണ്ടത് ബന്ധപ്പെട്ട കൃഷി ഓഫീസറുടെ ചുമതലയായിരിക്കുന്നതുമാണ്.

18. കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്.—(1) സർക്കാരിന്റെ മുൻകൂർ അനുമതിയോട് കൂടി ബോർഡ് തീരുമാനിക്കുന്നതും അൻപത് രൂപയിൽ കവിയാത്തതുമായ മൂല്യമുള്ളതും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രൂപത്തിലും അങ്ങനെയുള്ള രീതിയിലുമുള്ളതും "കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ്" എന്ന് മുദ്രണം ചെയ്തിട്ടുള്ളതുമായ സ്റ്റാമ്പുകൾ സർക്കാർ പ്രസ്സിൽ അച്ചടിപ്പിക്കാവുന്നതാണ്.

(2) ബോർഡിന്റെ ശിപാർശയിന്മേൽ സർക്കാർ നിശ്ചയിക്കുന്ന പ്രകാരം സർക്കാരിന്റെ വിവിധ ഓഫീസുകളിലോ സ്ഥാപനങ്ങളിലോ സമർപ്പിക്കേണ്ട നിശ്ചിത തരം അപേക്ഷകൾ, അങ്ങനെയുള്ള ആഫീസുകളിൽ നിന്നോ സ്ഥാപനങ്ങളിൽ നിന്നോ നൽകുന്ന നിശ്ചിത തരം സർട്ടിഫിക്കറ്റുകൾ, രേഖകൾ, മറ്റ് പ്രമാണങ്ങൾ എന്നിവയിൽ കർഷക ക്ഷേമനിധി സ്റ്റാമ്പ് പതിക്കണമെന്ന് ഉത്തരവ് വഴി സർക്കാരിന് നിർദ്ദേശം നൽകാവുന്നതാണ്.

(3) ഈ വകുപ്പ് പ്രകാരം അച്ചടിച്ച സ്റ്റാമ്പുകൾ ബോർഡിന്റെ അധീനതയിൽ ആയിരിക്കേണ്ടതും, സ്റ്റാമ്പിന്റെ വിതരണവും വില്പനയും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ ആയിരിക്കേണ്ടതുമാണ്.

19. സാക്ഷികളെ വിളിച്ചുവരുത്തുന്നതിനും തെളിവെടുപ്പ് നടത്തുന്നതിനുമുള്ള അധികാരം.—ഈ ആക്റ്റിൻ കീഴിൽ അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, ബോർഡിന്, 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5-ാം കേന്ദ്ര ആക്റ്റ്) പ്രകാരം ഒരു സിവിൽ കേസ് വിചാരണ നടത്തുമ്പോൾ ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ താഴെ പറയുന്ന സംഗതികളെ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് :—

(എ) ഏതൊരാളെയും ഹാജരാകുന്നതിന് നിർബന്ധിക്കുന്നതിനും അല്ലെങ്കിൽ അയാളെ സത്യപ്രതിജ്ഞയിന്മേൽ വിസ്തരിക്കുന്നതിനും;

(ബി) പ്രമാണങ്ങൾ കണ്ടെത്തുന്നതിനും ഹാജരാക്കുന്നതിനും ആവശ്യപ്പെടുന്നതിന്;

(സി) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുന്നതിന് ; കൂടാതെ

(ഡി) സാക്ഷികളെ വിസ്തരിക്കുന്നതിന് വേണ്ടി കമ്മീഷനെ നിയോഗിക്കുന്നതിന്.

20. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—ഈ ആക്റ്റോ പദ്ധതിയോ പ്രകാരമോ അവയ്ക്ക് കീഴിലോ, സർക്കാരോ ബോർഡോ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറോ അല്ലെങ്കിൽ ബോർഡ് അധികാരപ്പെടുത്തിയിട്ടുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം അഥവാ നിശ്ചയിക്കേണ്ടതായ ഏതെങ്കിലും സംഗതി തീർപ്പാക്കുവാനോ, തീരുമാനിക്കുവാനോ കൈകാര്യം ചെയ്യുവാനോ നിശ്ചയിക്കുവാനോ ഉള്ള അധികാരിത യാതൊരു സിവിൽ കോടതിക്കും ഉണ്ടായിരിക്കുന്നതല്ല.

21. ബോർഡ് ഡയറക്ടർമാർ മുതലായവർ പബ്ലിക് സർവ്വന്റായിരിക്കുമെന്ന്.—ബോർഡിലെ ഓരോ ഡയറക്ടറും, ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെടുന്ന ചീഫ് എക്സിക്യൂട്ടീവ് ആഫീസറും ബോർഡിലെ മറ്റ് ഉദ്യോഗസ്ഥൻമാരും ജീവനക്കാരും 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥവ്യാപ്തിയിൽ വരുന്ന ഒരു പബ്ലിക് സർവ്വന്റായി കണക്കാക്കപ്പെടുന്നതാണ്.

22. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—ഈ ആക്റ്റ് പ്രകാരമോ പദ്ധതിപ്രകാരമോ ഉത്തമവിശ്വാസപൂർവ്വം ചെയ്തതോ, അല്ലെങ്കിൽ ചെയ്യാനുദ്ദേശിച്ചതോ ആയ ഏതെങ്കിലും കാര്യം സംബന്ധിച്ച് ബോർഡിലെ ഏതെങ്കിലും

ഡയറക്ടർക്കോ, ചീഫ് എക്സിക്യൂട്ടീവ് ഓഫീസർക്കോ, മറ്റേതെങ്കിലും ഉദ്യോഗസ്ഥനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

23. കടം വാങ്ങുന്നതിനുള്ള ബോർഡിന്റെ അധികാരം.—ബോർഡിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അംഗീകാരത്തോടെ സർക്കാർ നിർദ്ദേശിക്കുന്ന പ്രകാരമുള്ള നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായി നിധിയുടെ ആവശ്യങ്ങൾക്ക് വേണ്ടി അതാതു സമയം പണം കടം വാങ്ങാവുന്നതാണ്.

24. സർക്കാരിന്റെ നിർദ്ദേശങ്ങൾ.—(1) സർക്കാരിന് ബോർഡ് അനുവർത്തിക്കേണ്ടതായ പൊതു നിർദ്ദേശങ്ങൾ നൽകാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ബോർഡിന്റെ അധികാരങ്ങൾ വിനിയോഗിക്കുമ്പോഴും, കർത്തവ്യങ്ങൾ നിർവ്വഹിക്കുമ്പോഴും, (1)-ാം ഉപവകുപ്പ് പ്രകാരം നൽകപ്പെട്ടിട്ടുള്ള ഏതെങ്കിലും പൊതു നിർദ്ദേശങ്ങളിൽ നിന്നും സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടു കൂടിയല്ലാതെ ബോർഡ് വ്യതിചലിക്കുവാൻ പാടുള്ളതല്ല.

25. ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെയോ പദ്ധതിയിലെയോ വ്യവസ്ഥകൾ പ്രകാരമോ അവയുടെ കീഴിലോ ബോർഡിൽ നിക്ഷിപ്തമായിട്ടുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുന്നതിൽ ബോർഡ് തുടർച്ചയായി വീഴ്ച വരുത്തിയിട്ടുണ്ടെന്നോ അല്ലെങ്കിൽ അതിന്റെ അധികാരങ്ങൾ അതിലംഘിക്കുകയോ, ദുരുപയോഗപ്പെടുത്തുകയോ ചെയ്തിട്ടുണ്ടെന്നോ സർക്കാരിന് ബോദ്ധ്യപ്പെടുന്ന പക്ഷം, സർക്കാരിന്, ഗസറ്റ് വിജ്ഞാപനപ്രകാരം, വിജ്ഞാപനത്തിൽ വിനിർദ്ദേശിക്കാവുന്ന ആറുമാസത്തിൽ കവിയാത്ത കാലയളവിലേക്ക് ബോർഡിനെ സൂപ്പർസീഡ് ചെയ്യാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം ബോർഡിനെ സൂപ്പർസീഡ് ചെയ്യുന്ന സംഗതിയിൽ സർക്കാരിന് ബോർഡിന്റെ ഭരണ നിർവ്വഹണത്തിനായി അഡ്മിനിസ്ട്രേറ്ററെ നിയമിക്കാവുന്നതാണ്.

26. നിധിയുടെ കണക്കുകളുടെ ആഡിറ്റ്.—(1) നിധിയുടെ കണക്കുകൾ ആഡിറ്റ് ചെയ്യുന്നതിന് ബോർഡ് ആഡിറ്റർമാരെ നിയമിക്കേണ്ടതാണ്.

(2) നിധിയുടെ കണക്കുകൾ വർഷത്തിലൊരിക്കൽ അപ്രകാരമുള്ള ആഡിറ്റർമാർ പരിശോധിക്കേണ്ടതും ആഡിറ്റ് ചെയ്യേണ്ടതുമാണ്.

(3) ആഡിറ്റ് റിപ്പോർട്ട് സംബന്ധിച്ചോ, തുടർനടപടി സംബന്ധിച്ചോ സർക്കാരിന് യുക്തമെന്ന് തോന്നുന്നപക്ഷം അക്കൗണ്ടന്റ് ജനറൽ മുഖേന തുടർപരിശോധന നടത്താവുന്നതാണ്.

27. <u>വാർഷിക റിപ്പോർട്ടും, കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റും</u>.—(1) ബോർഡിന്റെ വാർഷിക റിപ്പോർട്ട് ബോർഡിന്റെ നിർദ്ദേശപ്രകാരം ചീഫ് എക്സിക്യൂട്ടീവ് ആഫീസർ തയ്യാറാക്കേണ്ടതും, ബോർഡിന്റെ അംഗീകാരത്തിനുശേഷം റിപ്പോർട്ടിന്റെ ഒരു പകർപ്പ് കണക്കുകളുടെ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം ഓരോ സാമ്പത്തിക വർഷവും അവസാനിച്ച് ആറ് മാസങ്ങൾക്കകം സർക്കാരിന് സമർപ്പിക്കേണ്ടതുമാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരം സമർപ്പിക്കുന്ന വാർഷിക റിപ്പോർട്ട് കിട്ടിയാലുടൻ തന്നെ സർക്കാർ, ആയത് കണക്കുകൾ ആഡിറ്റ് ചെയ്ത സ്റ്റേറ്റ്മെന്റ് സഹിതം നിയമസഭയുടെ തൊട്ടടുത്ത സമ്മേളനത്തിൽ തന്നെ വയ്ക്കേണ്ടതാണ്.

28. <u>ചട്ടങ്ങൾ ഉണ്ടാക്കുന്നതിനുള്ള അധികാരം</u>.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും പദ്ധതിയുടെ മറ്റെല്ലാ ആവശ്യങ്ങൾക്കുമായി, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി, പിൻകാല പ്രാബല്യത്തോടുകൂടിയോ മുൻകാല പ്രാബല്യത്തോടുകൂടിയോ ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കപ്പെടുന്ന ഏതൊരു ചട്ടവും അത് ഉണ്ടാക്കിയ ശേഷം, കഴിയുന്നത്രവേഗം, നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ അതിന്റെ മുൻപാകെ അത് ഒരു സമ്മേളനത്തിലോ, തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ പതിനാല് ദിവസക്കാലത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏതു സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ, തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുൻപ് നിയമസഭ പ്രസ്തുത ചട്ടത്തിൽ ഏതെങ്കിലും ഭേദഗതി വരുത്തുകയോ, അഥവാ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന് അതിനുശേഷം അതതുസംഗതിപോലെ, അപ്രകാരം ഭേദഗതി ചെയ്തപ്രകാരം പ്രാബല്യമുണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവു മില്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു. എന്നിരുന്നാലും, അപ്രകാരമുള്ള ഏതെങ്കിലും ഭേദഗതിയോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിൽ ആയിരിക്കേണ്ടതാണ്.

29. <u>കിസാൻ അഭിമാൻ പദ്ധതിയിൽ നിന്നും ഫണ്ട് കൈമാറ്റം ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ</u>.—(1) തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആവശ്യത്തിലേയ്ക്കായി സർക്കാർ വിജ്ഞാപനം

ചെയ്യുന്ന തീയതി മുതൽ, ചെറുകിട നാമമാത്ര കർഷകർക്ക് പെൻഷൻ നൽകുന്നതിന് നിലവിലുള്ള കിസാൻ അഭിമാൻ പദ്ധതിയുടെ കണക്കിലുണ്ടായിരുന്ന എല്ലാ തുകകളും നിധിയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെടുന്നതും അതിൽ വരവുവയ്ക്കേണ്ടതുമാണ്.

(2) കിസാൻ അഭിമാൻ പദ്ധതി സംബന്ധിച്ചുള്ള എല്ലാ അവകാശങ്ങളും തർക്കങ്ങളും ബോർഡിന് തീരുമാനിക്കാവുന്നതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരം ഫണ്ട് കൈമാറ്റം ചെയ്യപ്പെടുന്ന തീയതി മുതൽ കിസാൻ അഭിമാൻ പദ്ധതിയിലെ അംഗങ്ങൾക്ക് പെൻഷൻ വിതരണം ചെയ്യുന്നതിനായി സർക്കാർ വർഷം തോറും നൽകുന്ന തുക ബോർഡ് വഴി വിതരണം ചെയ്യുന്നതാണ്.

## <u>പട്ടിക</u>

[3 (7) വകുപ്പ് കാണുക]

1. ബോർഡ് നിധിയുടെ ഭരണം നടത്തേണ്ട രീതി (ബൈലോ ഉണ്ടാക്കുന്നത് ഉൾപ്പെടെ)

2. കർഷകരുടെ രജിസ്ട്രേഷൻ

3. കർഷകർ നിധിയിലേയ്ക്ക് ഏതു സമയത്ത് ഏതു രീതിയിൽ അംശദായം നൽകണമെന്നും അംശദായം ഏതു രീതിയിൽ വസൂലാക്കണമെന്നും

4. ബോർഡിനെ സഹായിക്കാനായി ഏതെങ്കിലും കമ്മിറ്റി രൂപീകരിക്കൽ

5. ചീഫ് എക്സിക്യൂട്ടീവ് ആഫീസറുടെ ചുമതലകൾ

6. കണക്കുകൾ സൂക്ഷിക്കേണ്ട രീതി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളോ, നിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകളോ അനുസരിച്ച് നിധിയിലുള്ള പണം നിക്ഷേപിക്കൽ, ബഡ്ജറ്റ് തയ്യാറാക്കൽ, കണക്ക് ഓഡിറ്റ് ചെയ്യൽ, ഓഡിറ്റ് റിപ്പോർട്ടിന്മേൽ തുടർനടപടി സ്വീകരിക്കൽ, സർക്കാരിലേയ്ക്ക് റിപ്പോർട്ട് സമർപ്പിക്കൽ എന്നിവ

7. ആവശ്യപ്പെടുന്ന സമയത്ത് ഒരംഗം തന്നെപ്പറ്റിയും കുടുംബത്തെപ്പറ്റിയും വിവരങ്ങൾ നൽകുന്നതിനുള്ള ഫോറം

8. നിധിയിൽ നിന്നും പണം പിൻവലിക്കൽ അനുവദിക്കുന്നതിനും ഏതെങ്കിലും തട്ടിക്കിഴിക്കലോ കണ്ടുകെട്ടലോ നടത്തുന്നതിനും ഉള്ള വ്യവസ്ഥകളും അപ്രകാരം തട്ടിക്കിഴിക്കുകയോ കണ്ടുകെട്ടുകയോ ചെയ്യാവുന്ന ഏറ്റവും കൂടിയ തുകയും

9. ഒരംഗം മരിക്കുമ്പോൾ കുടുംബ പെൻഷൻ സ്വീകരിക്കുവാൻ ഒരാളെ നാമനിർദ്ദേശം ചെയ്യുകയോ അത്തരം നാമനിർദ്ദേശം റദ്ദാക്കുകയോ മാറ്റം വരുത്തുകയോ ചെയ്യുന്ന വിധം

10. അംഗങ്ങളെ സംബന്ധിച്ച് സൂക്ഷിക്കേണ്ട രജിസ്റ്ററുകളും രേഖകളും സമർപ്പിക്കേണ്ട റിട്ടേണുകളും

11. നിധിയിലെ അംഗത്തെ തിരിച്ചറിയുന്നതിനുവേണ്ടിയുള്ള തിരിച്ചറിയൽ കാർഡിന്റെ മാതൃക, അത് നൽകൽ, സൂക്ഷിക്കൽ, പകരം നൽകൽ

12. പട്ടികയിൽ പറഞ്ഞിരിക്കുന്ന ഏതെങ്കിലും ആവശ്യത്തിന് ചുമത്തേണ്ട ഫീസ്

13. ഈ ആക്റ്റ് പ്രകാരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് വിനിയോഗിക്കാവുന്ന അധികാരങ്ങൾ കൂടുതൽ എന്തെങ്കിലും ഉണ്ടെങ്കിൽ അത്

14. നിധി വിനിയോഗിക്കാവുന്ന ആവശ്യങ്ങൾ

15. നിധി കൈകാര്യം ചെയ്യുന്നതിൽ ഉണ്ടാകുന്ന ചെലവുകൾ വഹിക്കുന്നതിനുള്ള നടപടിക്രമം

16. അംഗങ്ങളുടേയോ അവരുടെ ആശ്രിതരുടേയോ ക്ഷേമത്തിനു വേണ്ടി ഏതെല്ലാം കാര്യങ്ങൾക്ക് നിധി ഉപയോഗിക്കാം എന്നത്

17. ബോർഡിന്റെ ആസ്ഥാനം, ബോർഡ് അംഗങ്ങളുടെ ദിനബത്ത, യാത്രാബത്ത, ഓണറേറിയം തുടങ്ങിയവ

18. പദ്ധതിയിൽ വ്യവസ്ഥ ചെയ്യേണ്ടതോ പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമാകുന്നതോ ആയ മറ്റേതെങ്കിലും സംഗതി .

---